അറ്റകുറ്റപ്പണികൾക്ക് മുൻകൂർ അനുമതി

21 (*200)ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. ബാബു :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെയും ഓടകളുടെയും കലുങ്കുകളുടെയും മറ്റും പണികൾ ഏറ്റെടുക്കണമെങ്കിൽ ഗവൺമെന്റിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്ന് പൊതുമരാമത്ത് വകുപ്പുദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശംമൂലം അത്യാവശ്യം വേണ്ട ഓടകളുടെയും കലുങ്കുകളുടെയും പണി മുടങ്ങിക്കിടക്കുന്നുണ്ടോ;

(സി) വെള്ളം ഒഴുകിപ്പോകാനുള്ള സൗകര്യക്കുറവുമൂലം മണ്ണൊലിപ്പും വെള്ളക്കെട്ടുമുണ്ടായി നിരവധി റോഡുകൾ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന വിവരം ഗവൺമെന്റിനറിവുണ്ടോ;

(ഡി) ഇത്തരത്തിൽ താറുമാറായ റോഡുകളുടെ പുനർ നിർമ്മാണത്തിനും റിപ്പയറിംഗിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്)

(എ)&(ബി) റോഡുകളുടെ പ്രതലം നന്നാക്കാൻ മുൻഗണന കൊടുക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. അധികജോലികൾ ഏറ്റെടുത്ത് സർക്കാരിന് കൂടുതൽ സാമ്പത്തിക ഭാരം ഉണ്ടാകാതിരിക്കുന്നതിന് സൈഡ് വോളുകളുടെയും ഓടകളുടെയും കലുങ്കുകളുടെയും മറ്റും പണികൾ നടത്തുന്നതിനു മുൻപ് ഗവൺമെന്റിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ റോഡു വികസനത്തിനാവശ്യമായ കലുങ്കുകളുടെയും ഓടകളുടെയും പണി നടത്തുന്നതിന് ഗവൺമെന്റ് അനുമതി നൽകി വരുന്നുണ്ട്.

(സി)&(ഡി) വെള്ളം ഒഴുകിപ്പോകുന്നതിനുള്ള സൗകര്യക്കുറവുമൂലം റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നുണ്ട്. കേടുപാടുകൾ സംഭവിച്ച റോഡുകൾ പുനർ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ജലനിർഗമന മാർഗ്ഗങ്ങൾ തടയുന്നതിനെതിരെയും റോഡുകളുടെ സംരക്ഷണത്തിനും മറ്റുമായി സമഗ്രമായ ഒരു നിയമ നിർമ്മാണം നടത്തുവാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

"റോഡുകളുടെ അറ്റകുറ്റപ്പണികൾ"

22 (*201)ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താറുമാറായിക്കിടക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly